# ആത്മകഥ

എം. എൻ. കാരശ്ശേരി



ആത്മകഥ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Wandering Thoughts, a painting by Francis Davis Millet (1848–1912). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആത്മകഥ

എല്ലാ പുസ്തകങ്ങളും ആത്മകഥകളാണ് എന്ന് പറയാറുണ്ട്—ആത്മകഥാംശമില്ലാത്ത ഒരു പുസ്തകവുമില്ല എന്നർത്ഥം. ഈ പറച്ചിൽ മലയാളത്തിൽ ഏറ്റവുമധികം സത്യമായിരിക്കുന്നത് ബഷീറിന്റെ കാര്യത്തിലാണ്. സ്വന്തം കഥയും സ്വന്തക്കാരുടെ കഥകളും കാര്യമായ മാറ്റിത്തിരുത്തലുകളൊന്നുമില്ലാതെ, പച്ചയ്ക്ക് എഴുതുന്ന ആളാണദ്ദേഹം. 'ഞാൻ' എന്ന പദം ഇത്രയധികം മറ്റൊരു മലയാളസാഹിത്യകാരന്റെ രചനകളിലും കാണുകയില്ല. ഈ മനോഭാവത്തിന്റെ മുന്തിയ ഉദാഹരണമാണ് പാത്തുമ്മയുടെ ആട്. വെറും വീട്ടുവർത്തമാനങ്ങൾ! മതിലുകൾ, മരണത്തിന്റെ നിഴലിൽ, മാന്ത്രികപ്പൂച്ച, അനുരാഗത്തിന്റെ ദിനങ്ങൾ എന്നീ നോവലുകളിലും 'അമ്മ', 'ജന്മദിനം', 'ഒരു മനുഷ്യൻ' തുടങ്ങി എത്രയോ ചെറുകഥകളിലും 'ഞാൻ' തന്നെയാണ് കഥാപാത്രം.




ഈ മട്ടിൽ ആത്മകഥാനിഷ്ഠമായി ലോകത്തെ കാണുകയും എഴുതുകയും ചെയ്യുന്ന ഒരെഴുത്തുകാരൻ വേറിട്ടൊരു 'ആത്മകഥ' എഴുതും എന്ന് പ്രതീക്ഷിക്കാൻ വയ്യ. പക്ഷേ, ബഷീർ ജീവിതസായാഹ്നത്തിൽ കോഴിക്കോട്ടുനിന്ന് പുറപ്പെടുന്ന ചന്ദ്രിക ആഴ്ചപ്പതിപ്പിന്നുവേണ്ടി അങ്ങനെയൊന്നെഴുതി—'ഓർമ്മയുടെ അറകൾ' (1973).

ബേപ്പൂരിലെ വീട്ടുമുറ്റത്തിരുന്ന് സുഹൃത്തുക്കളായ പത്രപ്രവർത്തകരോട് വർത്തമാനം പറയുന്ന രീതിയിൽ, പലരും ചേർന്ന് അദ്ദേഹവുമായി അഭിമുഖസംഭാഷണം നടത്തുന്നതിന്റെ രേഖ എന്ന മട്ടിൽ എഴുതപ്പെട്ട ആത്മകഥയിലെ പ്രധാനപ്പെട്ട ചർച്ചാവിഷയങ്ങളിൽ ഒന്ന് ദൈവമാണ്—ദൈവം ഉണ്ടോ, ഉണ്ടെങ്കിൽ ഏത് രൂപത്തിൽ, മതത്തിന്റെ ആവശ്യമെന്ത്, മതം രാഷ്ട്രീയത്തിൽ ചെലുത്തുന്ന അപകടകരമായ സ്വാധീനമെന്ത് തുടങ്ങിയ പ്രമേയങ്ങൾ. അത്തരം ആലോചനകൾ ആവശ്യപ്പെടുന്ന ദാർശനികതയുടെ സങ്കീർണ്ണതലങ്ങളിലേയ്ക്ക് എത്തിനോക്കുന്ന സന്ദർഭങ്ങൾ അത്യപൂർവ്വം. ബഷീർ അല്ലാഹുവിലും മുഹമ്മദ് നബിയിലും വിശുദ്ധഖുർആനിലും ഇസ്ലാം മതത്തിലും വിശ്വസിക്കുന്നു എന്ന് ഈ കൃതി തെളിച്ചെഴുതുന്നുണ്ട്. മുസ്ലീംകളുടെ സമകാലിക ജീവിതത്തിൽ പുലരുന്ന യാഥാസ്ഥിതികതയെയും അന്ധവിശ്വാസത്തെയും ആലസ്യത്തെയും അദ്ദേഹം വിമർശിക്കുന്നു.

ഗാന്ധിശിഷ്യനായി ദേശീയപ്രസ്ഥാനത്തിലെത്തിയ ഈ മതേതരവാദി മുസ്ലീംകൾക്കും ഹിന്ദുക്കൾക്കും ഇടയിൽ വർഗ്ഗീയമനോഭാവം പടരുന്നതിനെതിരെ രോഷം കൊള്ളുന്നുണ്ട്. ഇന്ത്യാവിഭജനത്തെ അദ്ദേഹം നിന്ദിക്കുമ്പോൾ ഒരു പത്രപ്രതിനിധി 'അത് ചരിത്രപരമായ ഒരാവശ്യമായിരുന്നില്ലേ' എന്ന് ചോദിക്കുന്നു.

ബഷീറിന്റെ മറുപടി:

'ഒരു പത്തിരുപത് ധനികകുടുംബക്കാർക്ക് ഭരിച്ച് സുഖിക്കാൻ പാക്കിസ്ഥാനുണ്ടായി. അതു പോകട്ടെ. മോഹൻദാസ് കരംചന്ദ് ഗാന്ധിയെ കൊന്നത് ചരിത്രപരമായ ഒരാവശ്യം ആയിരുന്നോ? ഗാന്ധിജി മുസ്ലീമീങ്ങൾക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ചു. ഇത് നിങ്ങൾ ഓർക്കുമോ എന്തോ!' (സമ്പൂർണകൃതികൾ, ഒന്നാം വാല്യം, 1992, പു. 1525)

മറ്റൊരു സന്ദർഭത്തിൽ കാണാം:

'വിഭജനസമയത്ത് മുഹമ്മദ് നബി ഇന്ത്യയിൽ ജീവിച്ചിരുന്നെങ്കിൽ ഒരിക്കലും ഇന്ത്യ വിഭജിക്കപ്പെട്ടുമായിരുന്നില്ല!' (അതേ പുസ്തകം, പു. 1547–8).

സുഹൃത്തുക്കളും അയൽക്കാരും കുടുംബാംഗങ്ങളും ഏതുനേരത്തും കടന്നുവരാവുന്ന ഈ പുസ്തകത്തിൽ ഗ്രന്ഥകാരന്റെ കുട്ടിക്കാലത്തെ പല വിക്രസ്സുകളും നർമ്മമധുരമായി വർണ്ണിക്കുന്നുണ്ട്—നീർക്കോലിയെപ്പിടിച്ചത്, കാലിൽ പാമ്പുചുറ്റിയത്, പ്രസവം കാണാൻവേണ്ടി മച്ചിൻപുറത്ത് ഒളിച്ചിരുന്നത്, കൂട്ടുകാരനുമായി തല്ലുണ്ടാക്കിയത്, ബാപ്പ പാടത്ത് മറിഞ്ഞുവീണത്... അത്തരം പലതും. കൂട്ടത്തിൽ യൗവ്വനകാലത്തെ ചില സാഹസികാനുഭവങ്ങളും അന്യനാടുകളിലെ യാത്രയിലെ ചില രസങ്ങളും. മറ്റെപ്പോഴും എന്ന പോലെ ഇവിടെയും ആഖ്യാനത്തിന് കാലക്രമമില്ല—കൊച്ചുവർത്തമാനത്തിന്റെ രൂപത്തിൽ പലതും അങ്ങനെ പറഞ്ഞുപോവുകയാണ്. കുട്ടിക്കാലവുമായി ബന്ധപ്പെട്ട ഓർമ്മകളിൽ തെളിയുന്ന ആ ഗ്രാമപ്രദേശത്ത് പുലർന്നിരുന്ന സമുദായസൗഹാർദ്ദത്തിന്റെ ചിത്രങ്ങൾ പകരുന്ന ഊഷ്മളതയാണ് ഈ പുസ്തകത്തിന്റെ എടുത്തുപറയാവുന്ന നേട്ടം.

ബഷീറിന്റെ വ്യക്തിജീവിതത്തിലേക്കോ, സാഹിത്യത്തിലേക്കോ, ഉൾക്കാഴ്ച നൽകുന്ന അനുഭവങ്ങൾ പ്രതീക്ഷിക്കുന്ന വായനക്കാരനെ നിരാശനാക്കുവാനിടയുള്ള ഈ ആത്മകഥ മതവർഗ്ഗീയത ഇന്ത്യൻ ജനാധിപത്യത്തെ അപകടപ്പെടുത്താൻ പോവുകയാണ് എന്ന തിരിച്ചറിവിൽ നിന്ന് ഉരുവംകൊള്ളുന്ന ആധിയുടെ രേഖയാകുന്നു.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014